കേരള സർക്കാർ

www.ksad.kerala.gov.in

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കല്ലിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2018-19

email: lfadtvm@yahoo.in

dovm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4/327/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,തീയതി: 02.06.2020
ഫോൺ. 0471 2331231
ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കല്ലിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കല്ലിയൂർ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.4/327/2020 തീയതി: 02.06.2020

**തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.01.2019 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.02.2020 മുതൽ 13.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ശോശാമ്മ. എസ്,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അനിഷ.എസ്.ബി,<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജയലക്ഷ്മി.ബി.കെ,<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കോസലരാമദാസ്,<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിംജി. ജി , ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ആർ. ജയലക്ഷ്മി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.സുനിൽ കുമാർ.ബി | 01.04.2018 മുതൽ 22.4.18 വരെ |
| | ശ്രീമതി എൽ. ലത. | 23.4.18 മുതൽ 20.5.18 വരെ |
| | ശ്രീമതി റ്റി.എസ്.ബീന | 21.5.18 മുതൽ 31.3.2019വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി നിഷ സോമൻ | 01.04.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | ഡോ. സുനിത | 01.04.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ. സിദ്ധി | 01.04.18 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രവികുമാരൻ തമ്പി | 01.04.18 മുതൽ 02.11.18വരെ |
| | ശ്രീ. ജ്യോതിസ് | 03.11.18 മുതൽ 31.3.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (I സർക്കിൾ) | ശ്രീമതി ആര്യ ദിവാകരൻ | 01.04.18 മുതൽ 31.03.19വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (II സർക്കിൾ) | ശ്രീമതി ആശ. എസ്.ആർ. | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ദിവ്യ | 01.04.18 മുതൽ 15.09.18 വരെ |
| | ശ്രുമതി അശ്വതി. എ.കെ. | 16.09.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ജയചന്ദ്രൻ | 1.4.18 മുതൽ 31.03.19വരെ |
| വെറ്റിനറി സർജൻ | ഡോ. ശാന്തി | 01.04.18 മുതൽ 31.03.19വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി മീനാകുമാരി | 01.04.18 മുതൽ 21.11.18 വരെ |
| | ശ്രീമതി നിഷ വത്സലൻ | 22.11.18 മുതൽ 31.03.19വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗിരീഷ് ലാൽ | 01.04.18 മുതൽ 20.10.18 വരെ |
| | ശ്രീ. നാരായണൻ.കെ. (ഹെഡ് ക്ലർക്ക്) | 21.10.18 മുതൽ 31.10.18വരെ |
| | ശ്രീ.എ.ഗോപകുമാർ | 01.11.18 മുതൽ 31.03.19 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | | |

| | | |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ | 1-12 |
| 13 | റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. | 1-13 |
| 14 | വസ്തു നികുതി- നിർണയം, ഈടാക്കൽ, ഒഴിവാക്കൽ നടപടികളിലെ അപാകതകൾ | 1-14 |
| 15 | ലേലം -തുടർനടപടികളിലെ അപാകതകൾ | 1-15 |
| 16 | കരാർവയ്ക്കാൻ കാലതാമസം- ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല | 1-16 |
| 17 | ഗ്രാമ പഞ്ചായത്തിലെ റോഡ് കട്ടിംഗ്, റീസ്റ്റോറേഷൻ, വാട്ടർ ഡെപ്പോസിറ്റ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-17 |
| 18 | എസ്.എസ്.എ. വിഹിതം - ചെലവുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല | 1-18 |
| 19 | ഐ.കെ.എം. ന പ്രവർത്തനഫണ്ടു നൽകിയതിൽ അപാകത | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 22 | ശമ്പള നിർണയങ്ങൾ ആധികാരികമാക്കിയിട്ടില്ല | 1-22 |
| 23 | എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹന സൗകര്യം- ചെലവ് രേഖകൾ കൃത്യമല്ല- തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | ടെണ്ടർകുറവ് ഈടാക്കിയിട്ടില്ല | 1-24 |
| 25 | വിവിധ വാർഡുകളിലെ ഓട നവീകരണം- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-25 |
| 26 | കിണർ റീ ചാർജ്ജിംഗ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-26 |
| 27 | കറവപശുവിന് കാലിത്തീറ്റ (വനിത ) സബ്സിഡി ആനുകൂല്യം ഗുണഭോക്താവിന് നേരിട്ട് നൽകി | 1-27 |
| 28 | കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല-തുക | 1-28 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 29 | എ.ബി.സി പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | 1-29 |
| 30 | ലൈഫ് മിഷൻ പദ്ധതി-പട്ടികജാതി സർട്ടിഫിക്കറ്റില്ലാതെ തുക നൽകി | 1-30 |
| 31 | എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ-മാർഗ്ഗരേഖ നിർദേശങ്ങൾ പാലിച്ചിട്ടില്ല. | 1-31 |
| 32 | പഞ്ചായത്ത് തല കായികമേള-അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല | 1-32 |
| 33 | ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല | 1-33 |
| 34 | എസ്.സി. കുട്ടികൾക്ക് പഠനോപകരണം-കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ആനുകൂല്യം നൽകി | 1-34 |
| 35 | ഹരിത കർമ്മസേന പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-35 |
| 36 | ബി.പി.എൽ. ഇൻസെന്റീവ്- ചെലവഴിക്കാത്ത തുക തിരികെ ഒടുക്കേണ്ടതാണ് | 1-36 |
| | ഭാഗം-2<br>ഇല്ല | |
| | ഭാഗം-3 | |
| 37 | വിവിധ വാർഡുകളിലെ ഓട നവീകരണം- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| | ഭാഗം-4 | |
| 38 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 46 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 49 | അനുബന്ധം – 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 15.03.18 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 23,33,84,618/- രൂപ വരവും 23,11,52,600/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 14,22,02,721.18 രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 11,28,26,364/- രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.05.2019 | | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9667932.18 |
| വരവ് | 132534789.00 |
| ആകെ | 142202721.18 |
| ചെലവ് | 112826364.00 |
| നീക്കിയിരിപ്പ് | 29376357.18 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25165176.00 | 25165176.00 | 25165176.00 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 15136533.00 | 15136533.00 | 15136533.00 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 96965.00 | 96965.00 | 96965.00 | 0 |
| സി.എഫ്.സി. | 0 | 12469494.00 | 12469494.00 | 12469494.00 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10485416.00 | 10485416.00 | 10485416.00 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 5134385.00 | 5134385.00 | 5134385.00 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 598261.50 | 760585.00 | 1358846.50 | 1314956.00 | 43890.50 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 1718200.00 | 1718200.00 | 1718200.00 | 0 |
| ഡി.സി.ബി. ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 42093.00 | 51182.00 | 93275.00 | 33120.00 | 60155.00 |
| ലിറ്ററസി | 1000.00 | 0 | 1000.00 | 0 | 1000.00 |
| ലിറ്ററസി (old) | 746.00 | 0 | 746.00 | 0 | 746.00 |
| തനതു ഫണ്ട് | 4289485.68 | 39391930.00 | 43681415.68 | 23850179.00 | 19831236.68 |
| ക്യാഷ് | 42096.00 | 109132.00 | 151228.00 | 42096.00 | 109132.00 |
| മറ്റു ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ്. | 1837430.00 | 1123540.00 | 2960970.00 | 347136.00 | 2613834.00 |
| ലൈബ്രറി ഗ്രാന്റ് | 0 | 19550.00 | 19550.00 | 19307.00 | 243.00 |
| എം.പി. ഫണ്ട് | 0 | 2312075.00 | 2312075.00 | 2219592.00 | 92483.00 |
| എം.എൽ.എ. ഫണ്ട് | 0 | 1155228.00 | 1155228.00 | 1155228.00 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 69140.00 | 2036139.00 | 2105279.00 | 210000.00 | 1895279.00 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2337180.00 | 3816550.00 | 6153730.00 | 2620520.00 | 3533210.00 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 450500.00 | 2462968.00 | 2913468.00 | 1718320.00 | 1195148.00 |
| കെ.യു.ആർ . ഡി.എഫ്.സി. | 0 | 9089741.00 | 9089741.00 | 9089741.00 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|---|
| 256 | 135772438 | 200 | 86638089 | - | 56 | 78% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 598261.50 | 760585.00 | 1358846.50 | 1314956.00 | 43890.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33263972.00 | 33263972.00 | 33263972.00 | 0 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 10,58,200.00 | 530 |
| കർഷക തൊഴിലാളി പെൻഷൻ | 30,34,600.00 | 243 |
| വിധവാപെൻഷൻ | 1,78,42,400.00 | 1494 |
| വാർദ്ധക്യകാല പെൻഷൻ (**) | 3,27,21,700.00 | 2784 |
| വികലാംഗ പെൻഷൻ | 59,67,600.00 | 478 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 6,60,000.00 | 22 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 6,30,500.00 | 53 |

(**) വാർഷിക കണക്കുകളിൽ 3034600 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2020 രാവിലെ 10.00 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,403/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

1) <u>ബജറ്റ് ഫയൽ സൂക്ഷിക്കുന്നില്ല</u>

പഞ്ചായത്തിന്റെ പ്രതീക്ഷിത വരവും ചെലവും ഉൾപ്പെടുത്തി സാമ്പത്തിക വർഷത്തെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ നിർദേശാനുസരണമുള്ള വകയിരുത്തലുകൾ നടത്തി മുൻവർഷത്തെ യഥാർത്ഥ ചെലവുകളേയും അടിസ്ഥാനപ്പെടുത്തി ബജറ്റ് തയ്യാറാക്കേണ്ടതും ചെലവഴിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും സ്ഥാപനമേധാവിയും ബജറ്റ് രൂപീകരണത്തിൽ സ്വീകരിക്കേണ്ട ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) <u>തനത് വരവ് ഈടാക്കുന്നതിൽ പാളിച്ചകൾ</u>

മാർക്കറ്റ് ലേലം കൊണ്ട വ്യക്തിയുമായി കരാറിലേർപ്പെടാതെയും സോൾവെൻസി ലഭ്യമാക്കാതെയും മാർക്കറ്റ് ഗേറ്റ് ഫീസ് ഈടാക്കുവാൻ അനുവദിച്ചിരിക്കുന്നു.

ഡെപ്പോസിറ്റ് വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ പൂർണമായ

രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. (രസീത് നമ്പർ, തീയതി, ഒന്നാം അർദ്ധ വർഷത്തെ വിവരങ്ങൾ). രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല. 2018-19 രണ്ടാം അർദ്ധ വർഷത്തെ പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വരവുമായി ബന്ധപ്പെട്ട ലേലം, തൊഴിൽ നികുതി, വാടക (ഓഡിറ്റോറിയം) ലൈസൻസ് രജിസ്റ്ററുകൾ ആധികാരികമാക്കി സൂക്ഷിക്കുന്നില്ല.

3) <u>ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ്</u>
പദ്ധതി രൂപീകരണത്തിൽ മുൻ വർഷങ്ങളിലെ പദ്ധതികൾ അവലോകനം ചെയ്തിട്ടില്ല. കൂടാതെ കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതികളിൽ ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണയ്ക്കനുസൃതമായിട്ടല്ല ആനുകൂല്യം നൽകിയിട്ടുള്ളത്. എൻക്വയറി 17നുള്ള മറുപടിയായി കിണർ റീ ചാർജ്ജിംഗ് ആവശ്യമില്ലാത്ത ഗുണഭോക്താക്കൾ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് വകയിരുത്തിയ തുകയുടെ 17% മാത്രമാണ് ചെലവായിട്ടുള്ളത്. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് സമഗ്ര വികസനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സാധിച്ചിട്ടില്ല. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും നേരിയ തോതിൽ ഫണ്ട് വിന്യസിച്ചും നടപ്പാക്കുന്ന പദ്ധതികൾ സമഗ്ര വികസനം കൈവരിക്കുന്നതിന് പര്യാപ്തമല്ല. മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന നിർദേശവും പാലിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഹാളിന്റെ നവീകരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും നിലവിൽ പ്രസ്തുത ഹാളിലെ ടൈലെല്ലാം പൊട്ടിപൊളിഞ്ഞ് അടർന്നിളകിയ നിലയിലാണ്. പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയ്ക്കായി പദ്ധതി നടപ്പാക്കിയെങ്കിലും രൂപീകരണത്തിന് മാത്രമായാണ് തുക ചെലവഴിച്ചിരിക്കുന്നത്. കൂടാതെ മാർഗ്ഗനിർദേശങ്ങൾക്കെതിരായി സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയിരിക്കുന്നു.

4) <u>സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല</u>
വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വികസന ഫണ്ട് വിനിയോഗിച്ച് ആർജിച്ച ആസ്തികളുടെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചില്ല. ഉദാ:- പഞ്ചായത്ത് പ്രസിഡന്റിനും, സെക്രട്ടറിയ്ക്കും പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പുകളും, സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ ആസ്തി രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
5) <u>രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല</u>
തൊഴിൽ നികുതി രജിസ്റ്ററുകൾ, ഡേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസാശിക്കുന്ന പ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ, കൃഷി ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ റ്റി.ആർ.7 എ ക്യാഷ്ബുക്ക് പരിപാലിക്കുന്നില്ല
6) <u>തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ പോരായ്മകൾ</u>
പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ അപൂർണ്ണവും കൃത്യതയില്ലാത്തതുമാണ്. മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയതിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.
7) തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.
8) ഗ്രാമപഞ്ചായത്തിലെ കമ്മിറ്റിഹാൾ നവീകരണം 2018-19 ൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും നിലവിൽ ഹാളിൽ മീറ്റിംഗ് കൂടാൻ കഴിയാത്ത രീതിയിൽ ടൈലുകൾ പൊട്ടി പൊളിഞ്ഞ സ്ഥിതിയിലാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2019 മുതൽ 19.11.2019 വരെ | 09/2019 മുതൽ 10/2019 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.09.2014 മുതൽ 16.10.2014 വരെ | 2009-10 മുതൽ 2013-14 വരെ | 15/11/2014 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

19.08.2019ലെ കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1450/19-ാം നമ്പർ റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ

എ) <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയായി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിലുള്ള വരവ് പൂർണമായും ഉപയോഗപ്പെടുത്തുന്നതിന് സ്ഥാപനാധികാരി ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ അനിവാര്യമാണ്.

ബി) <u>തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 10 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളിൽ നിന്നും വ്യക്തികളിൽ നിന്നും സെക്രട്ടറിക്ക് തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ സ്ഥാപനത്തിന്റെ ഉടമയോട് സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ്, ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ എന്നിവ ആവശ്യപ്പെടാവുന്നതും, ചട്ടം 18 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാവുന്നതുമാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല

1. <u>സ്ഥാപന നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ</u>

SBI,വെള്ളായണി (1&11)

SBI പ്രാവച്ചമ്പലം (1&11)

തിരുവനന്തപുരം ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക് കല്ലിയൂർ

ഉപനിയൂർ ഗ്രാമോദ്ധാരണ സഹകരണസംഘം

കേരള ഗ്രാമീൺബാങ്ക്, പെരിങ്ങമ്മല

2. <u>ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ</u>

ശക്തി ഹോസ്പിറ്റൽ

RC LPS പെരിങ്ങമ്മല

ടോൾസ്റ്റോയി സ്കൂൾ

ശാന്തിവിള ന്യൂ യു.പി.എസ്സ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 21/13.2.2020ന് ലഭ്യമാക്കിയ മറുപടിയായി ശാന്തിവിള ന്യൂ യു.പി.എസ്സ് സ്കൂളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി അറിയിച്ചുവെങ്കിലും രസീത് വിവരങ്ങൾ ലഭ്യമാക്കിയില്ല. കൂടാതെ KGB , SBI പ്രാവച്ചമ്പലം എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി അറിയിച്ചുവെങ്കിലും രസീതിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വരുമാന സ്രോതസ്സ് എന്ന നിലയിൽ തൊഴിൽ നികുതി ഇനത്തിലെ വരവ് പൂർണമായും പ്രയോജനപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്ഥാപനാധികാരികൾ കൈക്കൊള്ളേണ്ടതാണ്.

## 1-13 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ റേഷൻകടകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. 22.01.2018 ലെ (സി.എസ്.)എ9-764/2019 ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി , ലൈസൻസ് ഫീ എന്നിവ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 15 നുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയ ഫയൽ പ്രകാരം 2017-18 ൽ പഞ്ചായത്തിലെ 22റേഷൻകടകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 2018-19ലും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം റേഷൻകടകൾക്ക് ലൈസൻസ് ഉറപ്പാക്കേണ്ടതും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി- നിർണയം, ഈടാക്കൽ, ഒഴിവാക്കൽ നടപടികളിലെ അപാകതകൾ

എ) <u>അനധികൃത നിർമ്മാണത്തിന് നമ്പർ നൽകി വസ്തു നികുതി ഇളവ് നൽകി</u>

സഞ്ചയ സോഫ്റ്റ് വെയർ, അനധികൃത നിർമ്മാണ രജിസ്റ്റർ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ 4 അനധികൃത കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് താല്കാലിക കെട്ടിട നമ്പറിന് പകരം കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണത്തിന് ഫൈനുൾപ്പെടെയുള്ള നികുതി കണക്കാക്കിയിട്ടുണ്ട്. ഇതിൽ 12/725-ാം നമ്പർ കെട്ടിടത്തെ 60m$^2$ ന് താഴെയുള്ള കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തി 2015-16 മുതൽ നികുതി ഇളവ് നൽകിയിട്ടുണ്ട്. 2/796-ാംനമ്പർ കെട്ടിടത്തിന് 2018-19 ൽ നികുതി ഈടാക്കിയിട്ടില്ല. ഇപ്രകാരം താൽക്കാലിക നമ്പറിന് പകരം നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണം | വസ്തു നികുതി |
|---|---|---|---|
| 2/796 | സതീഷ് കുമാർ. ആർ. | 67 | 1107 |
| 11/740 | ജിനു. ജെ.എസ്സ്. | 98.2 | 1134 |
| 12/725 | ശ്രീകണ്ഠൻ, മഹേശ്വരി | 12.45 ച.മീ | നികുതി ഇളവ് നൽകി<br>(ഫോറം 6 പ്രകാരം 114/- രൂപയാണ് വാർഷിക |

| | | | |
|---|---|---|---|
| | | | നികുതി കണക്കാക്കിയത്) |
| 21/808 | ഭുവനചന്ദ്രൻ | 76 | 912 |

അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം കെട്ടിടങ്ങൾ ലംഘിച്ച ബിൽഡിംഗ് ചട്ടം, ക്രമവൽകരണത്തിനായി സ്വീകരിച്ച തുടർ നടപടികൾ, നടപടികളുടെ നിലവിലെ അവസ്ഥ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 25 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളാണെന്ന് അറിയിച്ചിട്ടുണ്ട്. 2015-16 മുതൽ നികുതി ഇളവ് നൽകിയ 12/725 നമ്പർ കെട്ടിടത്തിന് നികുതി പുനസ്ഥാപിച്ച് നൽകാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

അനധികൃത നിർമ്മാണത്തിന്റെ ചട്ടലംഘന വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ ക്രമവൽക്കരിക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതുമാണ്. 12/725-ാം നമ്പർ അനധികൃത നിർമ്മാണത്തിന് 2015-16 മുതലുള്ള നികുതി പുന:സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) <u>മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല</u>

സഞ്ചയ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകൾ നിലവിലുണ്ട്. കെട്ടിട നികുതി കുടിശ്ശിക വരുത്തിയവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | 2018-19ൽ ഒടുക്കേണ്ട തുക |
|---|---|---|---|
| 1 | ടെലികോം ഡിസ്ട്രിക്ട്, ബി.എസ്.എൻ.എൽ. | III / 637 | 7,207/- |
| 2 | വയോം നെറ്റ് വർക്ക് ലിമിറ്റഡ് | XII /701 | 21,000/- |
| 3 | എറ്റിസി ടെലികോം ഇൻഡ്യ പ്രൈ. ലി. | XV / 627 | 6,353/- |
| 4 | ഐഡിയ മൊബൈൽ കമ്പനി ലി. | XIX / 641 | 12,640/- |
| 5 | വയർലെസ്സ് ഇൻഫോർമേഷൻ സർവ്വീസ് ലി. | XIX/642 | 9,805/- |
| 6 | എറ്റിസി ടെലികോം ഇൻഡ്യ പ്രൈ. ലി. | XIX/781 | 6,353/- |

വസ്തു നികുതി പിരിച്ചെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതും കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുത്ത് അറിയിക്കേണ്ടതുമാണ്.

സി) <u>മേഖല വിഭജന നോട്ടിഫിക്കേഷൻ ഹാജരാക്കിയില്ല.</u>

കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി കണക്കാക്കുന്നതിന് പഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമ, ദ്വിതീയ, ത്രിതീയ എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ചുകൊണ്ട് ഭരണസമിതി പുറപ്പെടുവിക്കുന്ന നോട്ടിഫിക്കേഷൻ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവ് / വർദ്ധനവ് എന്നിവയുടെ നിജസ്ഥിതി പരിശോധിക്കാനായില്ല.

ഡി) <u>റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല.</u>

കെട്ടിട നിർമ്മാണ പെർമിറ്റിൽ നിന്നും അധികം അളവിൽ നടത്തിയ നിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കുന്നില്ല. ഉദാഹരണമായി ശ്രീ. മധുസൂദനൻ നായർ, ഗോകുലം പെരിങ്ങമ്മല എന്നയാൾക്ക് 125.56$m^2$ ഏരിയയിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് ലഭിച്ചു (പെർമിറ്റ് നം A3-256/16-17, 16.11.2016). ഓവർസിയറുടെ പരിശോധനയിൽ 129$m^2$ ൽ നിർമ്മാണം നടത്തിയതായി കണ്ടെത്തി. അധികമായി പണിത ഏരിയയ്ക്ക് റഗുലറൈസേഷൻ ഫീസ് ഈടാക്കാതെ നികുതി കണക്കാക്കി.

ഇ) വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ അധികം ഏരിയയുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ കുറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി ച..മീറ്ററിന് 40/- രൂപ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ്, കെട്ടിട നമ്പർ | പേര്, അഡ്രസ്സ് | കെട്ടിടത്തിന്റെ ഏരിയ(ച.മീ) | ച.മീറ്ററിന് 40/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന നികുതി | ച.മീറ്ററിന് 60/- രൂപ നിരക്കിൽ കണക്കാക്കേണ്ട നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 21/718 | ഡീൻ, കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളായണി | 112 | 4,480/- | 6,720/- | 2,240/- |

മേൽ അപാകതകൾ പരിഹരിച്ച് കെട്ടിടനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള മുഴുവൻ തുകയും ഈടാക്കേണ്ടതാണ്.

## 1-15 ലേലം -തുടർനടപടികളിലെ അപാകതകൾ

1.<u>ശാന്തിവിള മാർക്കറ്റ് ലേലം - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.</u>

3.3.2018 ലെ എ4-2596/2018 നമ്പർ പത്ര പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ശാന്തിവിള മാർക്കറ്റ് ശ്രീ.ബിനു. 99,500/- രൂപയ്ക്ക് ലേലം കൊണ്ടിട്ടുണ്ട്. ലേലക്കാരൻ 11713108880/16.3.18-ാം നമ്പർ രസീത് പ്രകാരം 25,000/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ്, സോൾവെൻസി എന്നിവ വയ്ക്കാത്തതിനാൽ 29.6.18 ലെ 2(1) തീരുമാന പ്രകാരം ലേലം റദ്ദാക്കി 12.7.18ന് പുനർലേലം നടത്തുകയും ചെയ്തു. പുനർ ലേല പ്രകാരം ശ്രീ.ശ്രീകുമാർ എന്ന വ്യക്തിക്ക് 80,000/- രൂപയ്ക്ക് മാർക്കറ്റ് ലേലം ചെയ്തു നൽകി. ശ്രീകുമാർ 1180130103206/13.7.18 നമ്പർ രസീത് പ്രകാരം 75,000/- രൂപ ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ തുകകൾ

| രസീത് നമ്പർ | തുക |
|---|---|
| 11713108880/16.3.18 | 25,000/- |
| 1180130103206/13.7.18 | 75,000/- |

വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിലെ വരവ് 80,000/- രൂപയാണ്. ലേലം ഇനത്തിലെ വരവിന്റെ പൂർണമായ വിവരങ്ങൾ (ജി.എസ്.റ്റി, ലേലം ഇനങ്ങൾ പ്രകാരം ലഭിച്ച തുകകളുടെ വേർതിരിച്ചുള്ള വിവരം), മേൽ രസീതുകളുടെ കൗണ്ടർ ഫോയിൽ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ലേലതുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. കൂടാതെ മേൽ വ്യക്തികളിൽ നിന്നും

നിരതദ്രവ്യമായി ഈടാക്കിയ തുകകൾ തിരികെ നൽകിയതിന്റെയോ തനത് ഫണ്ടിൽ വരവ് വച്ചതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സാംഖ്യ ലെഡ്ജർ പ്രകാരം പണം ഡെപ്പോസിറ്റ് സ്വീകരിക്കുന്നത് ഏത് വ്യക്തിയിൽ നിന്നാണ് എന്നതിന്റെയോ, ഡെപ്പോസിറ്റ് ഇനമോ രേഖപ്പെടുത്തിയിട്ടില്ല. ലേലം റദ്ദാക്കിയ തീയതി മുതൽ പുനർ ലേലം നടത്തുന്നത് വരെയുള്ള കാലയളവിൽ ഗേറ്റ് ഫീ നേരിട്ട് പിരിക്കുവാൻ ഭരണസമിതിയുടെ 29.6.18 ലെ 2(1) തീരുമാന പ്രകാരം തീരുമാനിച്ചിട്ടുണ്ടെങ്കിലും ഈ കാലയളവിലെ പഞ്ചായത്തിന്റെ വരവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ശ്രീ.ശ്രീകുമാറിൽ നിന്നും ഈടാക്കുവാൻ അവശേഷിക്കുന്ന ലേലതുക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14, 11.2.2020ന് മറുപടി ലഭ്യമാക്കിയില്ല.

ലേല ഇനത്തിലെ വരവ് തുകകളുടെ രസീത് വിവരങ്ങൾ (ലേലം. ജി.എസ്.റ്റി ഇനം വേർതിരിച്ചുള്ള വിവരങ്ങൾ), കരാറുകാരിൽ നിന്നും സ്വീകരിച്ച നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. 2018-19 ൽ ശാന്തിവിള മാർക്കറ്റ് ലേലം ഇനത്തിൽ ഈടാക്കിയിട്ടുള്ള ലേലതുക, ജി.എസ്.റ്റി, കരാറുകരിൽ നിന്നും ഈടാക്കിയതും തിരികെ നൽകിയതുമായ ഡെപ്പോസിറ്റ് വിവരങ്ങൾ എന്നിവ ഈ റിപ്പോർട്ട് ലഭിച്ച് 2മാസത്തിനകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2.<u>മരങ്ങളിൽ നിന്നുള്ള മേലാദായം - ലേല നടപടികൾ സ്വീകരിച്ചിട്ടില്ല</u>

ലേല രജിസ്റ്റർ പ്രകാരം താഴെ പറയുന്ന പഞ്ചായത്ത് ഉടമസ്ഥതയിലെ മരങ്ങളിൽ നിന്നും 2018-19 വർഷം മേലാദായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഇനം | ലേല തുക (2015-16 ൽ 3 വർഷത്തേക്ക് നടത്തിയ ലേലം) 27.2.15 ൽ നടന്ന ലേലം പ്രകാരം |
|---|---|---|
| 1 | കല്ലിയൂർ കൃഷി ഭവൻ കോമ്പൗണ്ടിലെ 3 മൂട് തെങ്ങിൽ നിന്നുള്ള മേലാദായം | 650/- |
| 2 | തെറ്റിവിള പ്രാഥമികാരോഗ്യ കേന്ദ്രം കോമ്പൗണ്ടിലെ 30 മൂട് തെങ്ങ് | 3,250/- |
| 3 | തെറ്റിവിള ലക്ഷം വീട് കോമ്പൗണ്ടിലെ 21 മൂട് തെങ്ങ് | 2,100/- |
| 4 | പെരിങ്ങമ്മല നഴ്സറി കോമ്പൗണ്ടിലെ 11 മൂട് തെങ്ങ് | 2,100/- |
| 5 | കാക്കാമൂല പഞ്ചായത്ത് വക ഭൂമിയിലെ 1 മൂട് തെങ്ങ് | 250/- |
| 6 | വാർഡ് 14 അംഗൻവാടി 95 കോമ്പൗണ്ടിലെ 2 മൂട് തെങ്ങ് | ലേലം കൊണ്ടില്ല |
| 7 | പാലപ്പൂര് പച്ചക്കറി വിപണനകേന്ദ്രത്തിലെ 4 മൂട് തെങ്ങ് | 1,000/- |
| 8 | എസ്.സി. ട്രെയിനിംഗ് സെന്റർ കോമ്പൗണ്ടിലെ തെങ്ങുകൾ | 2,000/- |
| 9 | വള്ളംകോട് കുളവരമ്പിലെ 9 മൂട് തെങ്ങ് | ലേലം കൊണ്ടില്ല |

ഓഡിറ്റ് എൻക്വയറി 32 ന് 13.2.2020ൽ ലഭ്യമാക്കിയ മറുപടി പൂർണമല്ല. ലേലം നടത്തുവാൻ നടപടി സ്വീകരിച്ചുവെങ്കിലും ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കമുള്ളതിനാൽ ഉടമസ്ഥാവകാശത്തിൽ വ്യക്തത വരുത്തുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. കായ്ഫലം കുറവായതിനാൽ ലേലം നടത്തുവാൻ സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പട്ടികയിലെ ഏത് സ്ഥലത്തിനാണ് ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കമുള്ളതെന്നോ മറ്റുള്ളവയുടെ ലേലനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണമോ ലഭ്യമാക്കിയിട്ടില്ല. നടപടികൾ സ്വീകരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ വർക്കിംഗ് ഗ്രൂപ്പിന്റെയോ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല. പഞ്ചായത്തിലെ വരുമാന സ്രോതസ്സുകൾ പൂർണമായും

പ്രയോജനപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലും ഭരണതലത്തിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ലേല നടപടികൾ സമയബന്ധിതമായി നടത്തുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-16 കരാർവയ്ക്കാൻ കാലതാമസം- ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

സ.ഉ.(പി) 13/2012/പി.ഡബ്ല്യൂ.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ ഭരണസമിതി അംഗീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ്; തുടർന്ന് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതും, വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദ് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ, കരാറുകാരൻ പ്രസ്തുത സമയപരിധി പാലിക്കാതിരുന്നിട്ടും ചട്ടപ്രകാരമുള്ള പിഴ ഈടാക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്യാതെ കരാർ ചമയ്ക്കാൻ അനുവദിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | പി.എ.സി. | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 176/19 | അറുപുറത്തലയ്ക്കൽ റോഡ് ഇടവഴി- സൈഡ് വാൾ നിർമ്മാണം | 2,08,000/- | ശ്രീ.വിക്രമൻ | 30.6.18 | 3.8.18 | 2,080/- |
| 185/19 | പള്ളിയറ ക്ഷേത്രം റോഡ്-പാർശ്വഭിത്തി നിർമ്മാണം | 3,83,000/- | ശ്രീ.വിക്രമൻ | 30.6.18 | 26.7.18 | 3,830/- |
| 105/19 | ഹരിത നഗർ ഇടവഴി കോൺക്രീറ്റിംഗ് | 2,77,000/- | ശ്രീ.വിക്രമൻ | 30.6.18 | 9.8.18 | 2,770/- |
| 85/19 | മെയ് ദിന ഫാം റോഡ്-പാർശ്വഭിത്തി നിർമ്മാണം | 1,33,000/- | ശ്രീ.വിക്രമൻ | 20.3.18 | 6.7.18 | 1,330/- |
| 154/19 | പൊറ്റവിള പാറപ്പുറത്തേരി റോഡ് കോൺക്രീറ്റ് | 2,77,000/- | ശ്രീ.വിക്രമൻ | 30.6.18 | 18.7.18 | 2,770/- |
| 88/19 | പൊറ്റവിള പാലൂക്കോണം റോഡ് റീടാറിംഗ് | 4,99,000/- | ശ്രീ.ജിജികുമാർ.ആർ | 20.3.18 | 12.7.18 | 4,990/- |
| 189/19 | കാക്കാമൂല കാരിക്കുഴി റോഡ് റീടാറിംഗ് | 2,34,378/- | ശ്രീ.ഷിബു.ആർ | 5.8.18 | 12.9.18 | 2,344/- |
| 118/19 | ട്രാൻസ്ഫോമർ കായൽക്കര റോഡ് റീ-കോൺക്രീറ്റിംഗ് | 3,51,300/- | ശ്രീ.അജി.ജെ. മാത്യൂസ് | 6.8.18 | 17.9.18 | 3,513/- |

ഇപ്രകാരം കരാർ വയ്ക്കാൻ കാലതാമസമെടുത്ത മുഴുവൻ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 1-17 ഗ്രാമപഞ്ചായത്തിലെ റോഡ് കട്ടിംഗ്, റീസ്റ്റോറേഷൻ, വാട്ടർ ഡെപ്പോസിറ്റ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി ഗുണഭോക്താവിൽ നിന്നും റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ ച.മീറ്ററിന് 4,752/- രൂപയും വാട്ടർ ചാർജ്ജായി 2,500/- രൂപയും ഈടാക്കുന്നുണ്ട്. പ്രസ്തുത തുകയിൽ റോഡ് കട്ടിംഗ് ചാർജ്ജ് തനത് ഫണ്ടിൽ നിലനിർത്തുകയും ഗുണഭോക്താവിന്റെ ചെലവിൽ റോഡ് റീ സ്റ്റോർ ചെയ്യുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് തുക തിരികെ നൽകുകയും ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്. വാട്ടർ ഡെപ്പോസിറ്റ് ഇനത്തിൽ 1,62,500/- രൂപയും റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ 2,59,725/- രൂപയും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിലും മുറിക്കുന്ന റോഡുകളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ലെഡ്ജറിലും ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ റീസ്റ്റോർ ചെയ്യാൻ നിലനിൽക്കുന്ന റോഡുകളുടെ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 22നുള്ള മറുപടിയായി രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും പഞ്ചായത്ത് റോഡ് മുറിക്കുന്നതും റീ സ്റ്റോർ ചെയ്യുന്നതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ ചെലവിൽ മെയിന്റനൻസ് നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഡെപ്പോസിറ്റ് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-18 എസ്.എസ്.എ. വിഹിതം - ചെലവുകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല

പ്രോ. നം. 3/2019

അടങ്കൽ തുക - 10,00,000/- വികസന ഫണ്ട്

ചെലവു തുക 10,00,000/-

ബിൽ നം. 18020452012600176429/30.05.2018, തുക 10,00,000/-
നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പഞ്ചായത്തിന് കീഴിൽ വരുന്ന ലോവർ പ്രൈമറി സ്കൂളുകളിൽ 2018-19 വർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കായി 10,00,000/-രൂപ ആവശ്യപ്പെട്ട് സർവ്വ ശിക്ഷാ അഭിയാൻ പ്രോഗ്രാം ഓഫീസറുടെ 10.5.2018 ലെ 18/2018/URC South/SSA/TVM നം. കത്തിന്റെ അടിസ്ഥാനത്തിൽ 30.5.2018 ൽ തുക നൽകി. ഈ കത്തിനോടൊപ്പം 2018-19 ൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും ഓരോ ഇനത്തിനും ചെലവാകുന്ന തുക ഉൾപ്പെടെയുള്ള വിവരങ്ങളും പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. തുക ചെലവാക്കിയതായി അറിയിച്ചുകൊണ്ടുള്ള കത്തിനോടൊപ്പം പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും ബന്ധപ്പെട്ട സ്കൂളുകളുടെ സാക്ഷ്യപ്പെടുത്തൽ ലഭ്യമല്ല.

നിജസ്ഥിതി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6, തീയതി 10.2.2020) ചെലവ് വിവരം ലഭ്യമാക്കുന്നതിന് എസ്.എസ്.എ. യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകി. ചെലവുകളുടെ കൃത്യത ഉറപ്പാക്കി അറിയിക്കേണ്ടതാണ്.

## 1-19 ഐ.കെ.എം. നു പ്രവർത്തനഫണ്ടു നൽകിയതിൽ അപാകത

സ.ഉ.(സാധാ)1228/2016/തസ്വഭവ തീയതി 08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവർക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ.കെ.എം.ന്റെ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് പദ്ധതിയിനത്തിൽ ആകെ 5,28,68,168/- രൂപ ലഭിച്ചിട്ടുണ്ട്. വിശദാംശം ചുവടെ (RP-7 പ്രകാരം)

| ഫണ്ടിനം | തുക |
|---|---:|
| വികസന ഫണ്ട് | 2,51,65,176/- |
| എസ്.സി.പി. ഫണ്ട് | 1,51,36,533/- |
| റ്റി.എസ്.പി ഫണ്ട് | 96,965/- |
| സി.എഫ്.സി. ഗ്രാന്റ് | 1,24,69,494/- |
| ആകെ | 5,28,68,168/- |

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം. നല്ല വിഹിതം ഇനത്തിൽ ഒടുക്കേണ്ടിയിരുന്നത് 1,32,170/- രൂപ മാത്രമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിലേക്കായി 1,42,553/- രൂപ (ബിൽ നം.18020452012600176030/08.06.2018) ഒടുക്കിയിട്ടുണ്ട്. തൻവർഷം 10,383/- രൂപ അധികമായി ഒടുക്കിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/10.02.2020) 1,42,553/- രൂപ ഒടുക്കേണ്ടതാണെന്നാണ് അറിയിച്ചത്. ഐ.കെ.എം. വിഹിതം പ്ലാൻ ഫണ്ടിന്റെ 0.25% ആയി നിജപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും തൻ വർഷം അധികമായി ഒടുക്കിയ തുക തുടർന്നു വരുന്ന വർഷങ്ങളിൽ ക്രമീകരിക്കേണ്ടതുമാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

എ) വൈദ്യുതി ലൈൻ നീട്ടൽ (36/19)

വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ നീട്ടുന്നതിനായി സി.എഫ്.സി. ഗ്രാന്റിൽ നിന്നും 16,90,000/- രൂപ വകയിരുത്തിയ പദ്ധതിയിൽ സുലേഖ ചെലവ് പത്രിക പ്രകാരം 15,75,579/- രൂപ ചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | ബിൽ നം. തീയതി |
|---|---|---|
| 1 | 1,10,762/-<br>15,420/- | 12600282776, 3.7.2018<br>12601481773, 23.3.2019 |
| 2 | 74,576/- | 12600763410, 8.11.2018 |
| 3 | 74,895/- | 12600763410, 8.11.2018 |
| 4 | 68,404/- | 12600819513, 21.11.2018 |
| 5 | 1,01,345/- | 126600925469, 12.12.2018 |
| 6 | 70,222/- | 12601022895, 4.1.2019 |
| 7 | 1,00,011/- | 12601080986, 18.1.2019 |
| 8 | 99,893/- | 12601177251, 8.2.2019 |
| 9 | 65,225/- | 12601177261, 8.2.2019 |
| 10 | 94,636/- | 12601177252, 8.2.2019 |
| 11 | 76,794/- | 12601188121 12.2.2019 |
| 12 | 74,942/- | 12601188574, 12.2.2019 |
| 13 | 62,717/- | 12601248582, 23.2.2019 |
| 14 | 75,101/- | 12601248586, 23.3.2019 |
| 15 | 74,659/- | 12601248587,23.3.2019 |
| 16 | 74,824/- | 12601393770,16.3.2019 |
| 17 | 99,840/- | 12601393765, 16.3.2019 |
| | | |

| | | |
|---|---|---|
| 18 | 96,088/- | 12601475028,22.3.2019 |
| 19 | 65,225/- | 1260147588305, 23.3.2019 |
| ആകെ | 15,75,579/- | |

നേമം, കല്ലിയൂർ, വിഴിഞ്ഞം, തിരുവല്ലം വൈദ്യുത ഓഫീസുകൾക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. മുൻകൂർ നൽകുന്നതിന് മുൻപ് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ തുക നൽകിയതിന് ശേഷം കെ.എസ്.ഇ.ബി നേമവുമായി മാത്രമാണ് കരാറിലേർപ്പെട്ടിരിക്കുന്നത്.

പ്രവൃത്തി പൂർത്തീകണ സാക്ഷ്യപത്രവും, ധനവിനിയോഗ സാക്ഷ്യപത്രവും പുതിയ വൈദ്യുത ലൈനുകളുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബി) <u>ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (37/19)</u>

സി.എഫ്.സി. ഗ്രാന്റിൽ നിന്നും 2,38,379/- രൂപ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ഓഫീസിൽ 12 ബില്ലുകൾ മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക | ബിൽ നം. |
|---|---|---|
| 1 | 27,699/- | 2012600518463, 12.9.2018 |
| 2 | 29,270/- | 2012600696465, 23.10.2018 |
| 3 | 20,834/- | 2012600763417, 8.11.2018 |
| 4 | 3,578/- | 2012600951166,18.12.2018 |
| 5 | 7,876/- | 2012601188578, 12.2.2019 |
| 6 | 18,027/- | 2012601248590, 23.2.2019 |
| 7 | 25,993/- | 2012601248593,23.2.2019 |
| 8 | 24,908/- | 2012601393755, 16.3.2019 |
| 9 | 22,122/- | 2012601393761, 16.3.2019 |
| 10 | 23,443/- | 2012601393756, 16.3.2019 |
| 11 | 21,240/- | 2012601393753, 16.3.2019 |
| 12 | 13,389/- | 2012601488311, 16.3.2019 |
| ആകെ | 2,38,379/- | |

പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രവും, ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല.

സി) <u>പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (35/19)</u>

Tharam Idavazhy യിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സി.എഫ്.സി. ഗ്രാന്റിൽ നിന്നും 1,76,000/-രൂപ 8.11.2018ൽ വാട്ടർ അതോരിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. (ബിൽ നം 18020452012600763412, 8.11.2018). 8.3.2019 ൽ വാട്ടർ അതോരിറ്റിയുമായി ഏർപ്പെട്ട കരാറിൽ 2019മാർച്ച് 31 നകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. നാളിതുവരെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

മേൽ പദ്ധതികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതുവരെ 19,89,958/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-21 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി നം. 205/19 (സ്പിൽ ഓവർ)

അടങ്കൽ തുക – 10,00,000/-

ചെലവ് തുക – 9,60,789/-

ഫണ്ടിനം – തനത് ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പഞ്ചായത്തിലെ 21 വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള 40W ഡബിൾ ട്യൂബ് സെറ്റ്, 250W സോഡിയം ലാമ്പ്, 15W CFL, 20W സിംഗിൾ ട്യൂബ് സെറ്റ് എന്നിവയുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് M/S. Boss Light എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടു.

അറ്റകുറ്റപ്പണികൾ നടത്തിയതായി വാർഡ് മെമ്പർമാർ എഴുതി നൽകിയ ലിസ്റ്റിൽ ഭൂരിഭാഗവും ഡബിൾ ട്യൂബ് ലൈറ്റ് അറ്റകുറ്റപ്പണി നടത്തിയതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. രണ്ടാം വാർഡിൽ എൽ.ഇ.ഡി. ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ സമർപ്പിച്ച ബില്ലുകൾ പ്രകാരം (രണ്ട് എണ്ണം) 1407 ഡബിൾ ട്യൂബുകൾ റിപ്പയർ ചെയ്യുതിനുള്ള തുകയാണ് (ഡബിൾ ട്യൂബൊന്നിന് 685/- 12% GST നിരക്ക്) ആവശ്യപ്പെട്ടിരിക്കുന്നത്. 1289 ഡബിൾ ട്യൂബ്ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതിന് കരാറുകാരൻ സമർപ്പിച്ച ആദ്യബില്ലിന്റെ 50% തുക (1289 x 685/2 = 4,41,482 + 12%GST) കരാർ വ്യവസ്ഥ പ്രകാരം അനുവദിച്ചു. പ്രസ്തുത ഘട്ടത്തിൽ 1-ാം വാർഡിലെ അറ്റകുറ്റപ്പണികൾ നടത്തിയിരുന്നില്ല. രണ്ടാം ഘട്ടത്തിൽ 118 എണ്ണം മെയിന്റനൻസ് നടത്തിയ ബിൽ സമർപ്പിച്ചു. ഇതിൽ 1-ാം വാർഡിലെ ലൈറ്റുകളും ഉൾപ്പെടുന്നുണ്ടോ എന്നതിന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തതയില്ല. മൂന്നാം ഘട്ടത്തിൽ 20-ാം വാർഡിലെ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ രണ്ടാമതായി സമർപ്പിച്ച ബിൽ തുക നൽകിയില്ല. പകരം ആദ്യ ബില്ലിൽ ശേഷിച്ചിരുന്ന 50%ൽ നിന്നും 25,116/-രൂപ കുറച്ച് ബാക്കി തുക നൽകി (441482 – 25116 = 416366 + 12%GST ie. 4,66,329/-) ഓരോ വാർഡിലും അറ്റകുറ്റപ്പണി നടത്തിയതായി വാർഡ് മെമ്പർമാർ എഴുതി നൽകിയ ലിസ്റ്റ് അല്ലാതെ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഊർജ്ജ മേഖലയിലെ അവസ്ഥാ വിശകലനത്തിൽ ബൾബ്, ട്യൂബ്, സി.എഫ്.സി, മെർക്കുറി ലാമ്പ് എന്നിവയുൾപ്പെടെ ആകെ കോളത്തിൽ 920 എണ്ണം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/10.2.2020) സ്റ്റാറ്റസ് റിപ്പോർട്ട് ക്രോഡീകരിച്ചപ്പോൾ വന്ന അച്ചടി പിശകാണെന്ന് മറുപടി നൽകി. തെരുവ് വിളക്കുകളുടെ രജിസ്റ്റർ പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. അതിനാൽ അറ്റകുറ്റപ്പണികളുടെ നിജസ്ഥിതി പരിശോധിക്കാനായില്ല. ഡബിൾ ട്യൂബുകൾ മാത്രം റിപ്പയർ ചെയ്യതും ഭരണസമിതി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. തെരുവ് വിളക്ക് രജിസ്റ്റർ, ഇതുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കേണ്ടതും പരിശോധനാ വിധേയമാക്കേണ്ടതുമാണ് .

# 1-22 ശമ്പള നിർണയങ്ങൾ ആധികാരികമാക്കിയിട്ടില്ല

പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, പ്രൊമോഷൻ, ഗ്രേഡ് പ്രൊമോഷൻ എന്നിവയിലൂടെ നിർണയിച്ച് നൽകുന്ന ശമ്പളം അംഗീകരിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ അംഗീകാരം ഇല്ലാതെയാണ് ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകിവരുന്നത്.

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | റിമാർക്സ് |
|---|---|---|
| 1 | ശ്രീ. എ. ഗോപകുമാർ, | 2006ന് ശേഷമുള്ള ശമ്പള നിർണയങ്ങൾ അംഗീകരിച്ചിട്ടില്ല. |

| | | |
|---|---|---|
| | ജൂനിയർ സൂപ്രണ്ട് | |
| 2 | ശ്രീ. ഷിബു സത്യൻ,<br>സീനിയർ ക്ലാർക്ക് | 11.10.2011 ൽ സർവ്വീസിൽ പ്രവേശിച്ചു. |
| 3 | ശ്രീമതി. ദിവ്യ ആർ. എസ്,<br>അക്കൗണ്ടന്റ് | 29.6.2005 ൽ സർവ്വീസിൽ പ്രവേശിച്ചു. |

മേൽ ജീവനക്കാരുടെ നാളിതുവരെയുള്ള ശമ്പളനിർണയങ്ങൾ അംഗീകൃതമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹന സൗകര്യം- ചെലവ് രേഖകൾ കൃത്യമല്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 255/19(എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹന സൗകര്യം)

അടങ്കൽ - 3,00,000/- (തനത് ഫണ്ട്)

ചെലവ് - 1,84,099/-
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പ്രോജക്ട് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറവ് നിരക്ക് (ഒരു മാസത്തേക്ക് പരമാവധി 600 കി.മീ.ന് 28,000/- രൂപ വാടക) രേഖപ്പെടുത്തിയ ശ്രീ.വിജയകുമാർ, രോഹിണി നിവാസ്, പ്രാവച്ചമ്പലം എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ചു (8.6.18 -ലെ 1(1) -ാം നമ്പർ കമ്മിറ്റി തീരുമാനം). എന്നാൽ ഫയലിൽ ലഭ്യമായ ആർ.സി.ബുക്കിന്റെ പകർപ്പ് പരിശോധിച്ചതിൽ വാഹനത്തിന്റെ (KL-16-J-2146) ഉടമ ശ്രീ.അലംഷാ, കരവാരത്തുവീട്, കിളിമാനൂർ എന്ന വ്യക്തിയാണ്. പ്രോജക്ട് പ്രകാരം 1,84,099/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകയ്ക്കുള്ള ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1,84,099/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-24 ടെണ്ടർ കുറവ് ഈടാക്കിയിട്ടില്ല

പ്രോജക്ട് നം. - 185/19 (പള്ളിയറക്ഷേത്രം റോഡ് പാർശ്വഭിത്തി നിർമ്മാണം)

അടങ്കൽ - 3,83,000/- (മെയിന്റനൻസ് റോഡ്)

ചെലവ് -3,82,916/- (ബിൽ നം. 57/12.11.16)

എം.ബുക്ക് - 143/18-19

കരാറുകാരൻ - ശ്രീ.വിക്രമൻ, പ്രാവച്ചമ്പലം (0.5% കുറവ്)

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും ടെണ്ടർ കുറവ് ഈടാക്കാതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

എം-ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം- 3,82,916/-

ഈടാക്കേണ്ടിയിരുന്ന ടെണ്ടർ കുറവ്- 1,915/- (382916* 0.5%)

തുക തിരിച്ചടയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയതായി നിർവ്വഹണോദ്യോഗസ്ഥൻ മറുപടി (നം.11) നൽകിയിട്ടുണ്ട്. തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 വിവിധ വാർഡുകളിലെ ഓട നവീകരണം- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

വിവിധ വാർഡുകളിലെ ഓട നവീകരണ പ്രവൃത്തിയുടെ എം ബുക്കിൽ പ്രവൃത്തി മൂല്യം തെറ്റായി രേഖപ്പെടുത്തി തുക കണക്കാക്കിയതിനാൽ കരാറുകാരന് അധികം നൽകിയ തുക നിരാകരിക്കുന്നു. വിശദാംശം ഭാഗം-3ൽ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-26 കിണർ റീ ചാർജ്ജിംഗ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ കിണർ റീ ചാർജ്ജിംഗിനായി 3 പദ്ധതികൾ 2018-19 വർഷം ആവിഷ്കരിച്ചിട്ടുണ്ട്. 30,08,000/- രൂപ വകയിരുത്തിയ നടപ്പിലാക്കിയ കിണർ റീ ചാർജ്ജിംഗ് പദ്ധതികൾക്കായി 5,08,180/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി പണത്തിന്റെ 17% മാത്രം ചെലവഴിച്ച പ്രസ്തുത പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് തുക (43,200/-) നേരിട്ട് നൽകിയത്. ബാക്കിയുള്ള 4,64,980/- രൂപയിൽ 50,400/- രൂപ ഗ്രാമശ്രീ സ്കിൽഡ് വനിതാലേബർ വെൽഫെയർ സൊസൈറ്റിക്ക് നൽകുകയും 4,14,580/-രൂപ കല്ലിയൂർ ഹരിത സമൃദ്ധി കാർഷിക കർമസേനക്ക് നൽകുകയും ചെയ്തു. ഗ്രാമശ്രീ സ്കിൽഡ് വനിതാലേബർ വെൽഫെയർ സൊസൈറ്റി, കല്ലിയൂർ ഹരിത സമൃദ്ധി കാർഷിക കർമസേന എന്നിവ മുഖാന്തിരം 67 കിണർ റീ ചാർജ്ജിംഗ് നടത്തിയതായി അറിയിച്ചുവെങ്കിലും ഗുണഭോക്താക്കളുടെ വിവരങ്ങൾ, ചെലവ് വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പദ്ധതി വിഹിതം | പദ്ധതി ചെലവ് | തുക നൽകിയത് |
|---|---|---|---|
| 203/19 കിണർ റീ ചാർജ്ജിംഗ് ജനറൽ (സ്പിൽ ഓവർ) | 10,08,000/- (ബ്ലോക്ക് ഷെയർ) | 2,12,440/- | കല്ലിയൂർ ഹരിത സമൃദ്ധി കാർഷിക കർമസേന -1,62,040/-<br>ഗ്രാമശ്രീ സ്കിൽഡ് വനിതാലേബർ വെൽഫെയർ സൊസൈറ്റി -50,400/- |
| 100/19 കിണർ റീ ചാർജ്ജിംഗ് ജനറൽ | (വി.ഫ.ജനറൽ -720000/- +<br>ബ്ലോക്ക് വിഹിതം-288000/- +<br>ജില്ലാ വിഹിതം 432000/- +<br>മറ്റുള്ളവ – 160000)<br>ആകെ – 16,00,000/- | വി.ഫ. 2,46,392/- ബ്ലോക്ക് വിഹിതം 32,748/- (സുലേഖ പ്രകാരം ബ്ലോക്ക് വിഹിതം 4,348/-) | 6 ഗുണഭോക്താക്കൾക്ക് നേരിട്ട് 7,200/- രൂപ വീതം നൽകി 2,35,940/- രൂപ കല്ലിയൂർ ഹരിത സമൃദ്ധി കാർഷിക കർമസേനക്ക് നൽകി |
| 100/19 കിണർ റീ ചാർജ്ജിംഗ് എസ്.സി. | (വി.ഫ എസ്സ്.സി.പി 200000+ബ്ലോക്ക് 80000+ ജില്ലാ വിഹിതം 120000) ആകെ – 4,00,000/- | 16600{(വി.ഫ എസ്.സി.പി) 13280+3320 ബ്ലോക്ക്)} | 16,600/-രൂപ കല്ലിയൂർ ഹരിത സമൃദ്ധി കാർഷിക കർമസേനക്ക് നൽകി |

പദ്ധതി രൂപീകരണ, നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2017-18 ലെ ചെലവ് പത്രിക പ്രകാരം 12,14,916/-രൂപ വകയിരുത്തിയ കിണർ റീ ചാർജ്ജിംഗ് പദ്ധതിക്ക് 58,940/- രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. 2018-19 ലെ പദ്ധതി രൂപീകരണത്തിനായി 30.1.18, 16.2.18

തീയതികളിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നെങ്കിലും 2017-18 ൽ നടപ്പിലാക്കിയ കിണർ റീചാർജ്ജിംഗ് പദ്ധതി നിർവ്വഹണം വിലയിരുത്തിയിട്ടില്ല. 2018-19ൽ കിണർ റീ ചാർജ്ജിംഗ് പദ്ധതിയുടെ ആവശ്യകത ചർച്ച ചെയ്തിട്ടില്ല. കിണർ റീ ചാർജ്ജിംഗ് പദ്ധതി (17.3.18ലെ 1 നമ്പർ തീരുമാന പ്രകാരം) ശിപാർശ ചെയ്ത വികസന കാര്യ സ്റ്റാന്റിംഗ് യോഗത്തിലും, ഭരണസമിതിയുടെ 29.6.18ലെ 1(1) തീരുമാന പ്രകാരം വാർഷിക പദ്ധതിക്ക് അംഗീകാരം നൽകുന്ന വേളയിലും ഈ വിഷയം ചർച്ച ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി 13 പ്രകാരം കിണർ റീ ചാർജ്ജിംഗ് പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അപേക്ഷകൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അപേക്ഷകളുടെ അഭാവത്തിൽ ഗുണഭോക്തൃ പട്ടികയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

2. കിണർ റീ ചാർജ്ജിംഗിനായി 50,400/- രൂപ ഗ്രാമശ്രീ സ്കില്‍ഡ് വനിതാലേബർ വെൽഫെയർ സൊസൈറ്റിക്കും (13 യൂണിറ്റിന്) 4,14,580/- രൂപ കല്ലിയൂർ ഹരിത സമൃദ്ധി കാർഷിക കർമസേനക്കും (54 യൂണിറ്റിന് ) നൽകി. സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ./14.2.18 പ്രകാരം കിണർ റീ ചാർജ്ജിംഗിനായി തുക സൊസൈറ്റിക്ക്/കർമ്മസേനയ്ക്ക് നൽകാൻ നിർദ്ദേശമില്ല. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂടാതെ പ്രസ്തുത യൂണിറ്റുകൾ കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ ചെയ്യുന്നതിന് സജ്ജമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. അപേക്ഷയോടൊപ്പം പ്രവൃത്തിയുടെ വാല്യുവേഷൻ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമശ്രീ സ്കില്‍ഡ് വനിതാ ലേബർ വെൽഫയർ സൊസൈറ്റി, കല്ലിയൂർ ഹരിത സമൃദ്ധി, കാർഷിക കർമ്മസേന എന്നിവ മുഖാന്തിരം ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് കിണർ റീ ചാർജ്ജിംഗ് ആനുകൂല്യം ലഭ്യമായതെന്ന വിവരം, ഓരോ ഗുണഭോക്താവിനും കിണർ റീ ചാർജ്ജിംഗിനായി ചെലവായ തുകയുടെ വിവരം, വൗച്ചറുകൾ, ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഗ്രാമശ്രീ സ്കില്‍ഡ് വനിതാലേബർ വെൽഫെയർ സൊസൈറ്റിക്കും കല്ലിയൂർ ഹരിത സമൃദ്ധി കാർഷിക കർമസേനക്കും നൽകിയ 4,64,980/- തുകയ്ക്കുള്ള പ്രവൃത്തികൾ നടന്നിട്ടുണ്ട് എന്ന് കൃഷി ഓഫീസർ ഉറപ്പാക്കേണ്ടതും പ്രവൃത്തി ചെയ്തതിന്റെ വൗച്ചറുകൾ, ചെലവ് രേഖകൾ, ഗുണഭോക്താവിന്റെ സാക്ഷ്യപത്രം എന്നിവ സൂക്ഷിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കർമ്മസേനയ്ക്ക് നൽകിയ തുക തിരികെ ഈടാക്കി അതാത് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ ഗ്രാമശ്രീ സ്കില്‍ഡ് വനിതാ ലേബർ വെൽഫയർ സൊസൈറ്റിക്കും, കല്ലിയൂർ ഹരിതസമൃദ്ധി കാർഷിക കർമ്മസേനക്കും നൽകിയ 4,64,980/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കറവപശുവിന് കാലിത്തീറ്റ (വനിത) സബ്സിഡി ആനുകൂല്യം ഗുണഭോക്താവിന് നേരിട്ട് നൽകി

| | ജനറൽ | എസ്.സി.പി. |
|---|---|---|
| പ്രോജക്റ്റ് നം | 64/19 | 72/19 |
| അടങ്കൽ | 90,000/- (വികസന ഫണ്ട്)<br>90,000/- (ഗ്ര. വിഹിതം നേരിട്ട്) | 3,06,800/- (എസ്.സി.പി)<br>1,05,000/-(ഗ്ര. വിഹിതം നേരിട്ട്) |
| ചെലവ് തുക | 39,000/- (2008501009796, 29.12.2018)<br>18,000/- (18020452008501355141, 13.3.2019)<br>33,000/- (1820452008501355138, 13.3.2019) | 9,000/- (18020452008501355142, 13.3.2019)<br>27,000/- (18020452008501050861, 12.1.2019) |
| | | |

| നിർവ്വഹണം – വെറ്റിനറി സർജൻ | |
|---|---|

മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാല് കറവപശുക്കളുള്ള ഗുണഭോക്താക്കൾക്ക് 100 kg വീതം ആറ് മാസത്തെ തീറ്റ നൽകുന്നതിന് 6,000/- രൂപ ജനറൽ വിഭാഗത്തിനും 9,000/- രൂപ പട്ടിക വിഭാഗത്തിനും സബ്സിഡി നൽകുന്നതിന് പദ്ധതി നടപ്പാക്കി. സ.ഉ(കൈ)നം.22/2018/ ത.സ്വ.ഭ.വ, തീയതി 14.2.2018 പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്ക് യഥാക്രമം 10,000/-, 12,000/-രൂപ നിരക്കിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100കിലോ കാലിത്തീറ്റ നൽകാം, കൂടാതെ കാലിത്തീറ്റ, ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്. എന്നാൽ ജനറൽ, എസ്.സി.പി. പദ്ധതി ഗുണഭോക്താക്കൾക്ക് തുക നേരിട്ട് വിതരണം ചെയ്തിരിക്കുന്നു. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/13.2.2020) മറുപടി ലഭ്യമാക്കിയില്ല.

2. പ്രോജക്ട് രൂപീകരണ ഫോറം (ജനറൽ) ഖണ്ഡിക 42 ലെ അധിക വിവരങ്ങൾ അനുസരിച്ച് നാല് കറവപശുക്കൾക്ക് ആറ് മാസത്തെ തീറ്റ നൽകുന്നതിനാണ് തുക വകയിരുത്തിയത്. എന്നാൽ രണ്ടും, മൂന്നും കറവപശുക്കൾ ഉള്ളവർക്കും ആനുകൂല്യം നൽകി.

3. ജനറൽ വിഭാഗത്തിൽ 90,000/-രൂപ ചെലവഴിച്ചെങ്കിലും ബിൽ നം.18020452008501009796 തീയതി 29.12.2018, പ്രകാരം മാറിയ 39,000/- രൂപ നൽകിയ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്നത്. ശേഷിക്കുന്ന 51,000/- രൂപയുടെ രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

# 1-28 കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :59/2019

പ്രോജക്ടിന്റെ പേര് :പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽതുക :16,25,000/-രൂപ

ചെലവ്തുക :8,12,500/-രൂപ

ഫണ്ടിനം :വികസനഫണ്ട് (ജനറൽ)
നിർവഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

ഗ്രാമപഞ്ചായത്തിലെ 65 ഗുണഭോക്താക്കളുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്ക് പ്രതിമാസം പകുതിവിലയ്ക്ക് തീറ്റ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഗുണഭോക്താവിന് 12,500/-രൂപ നിരക്കിൽ 65 ഗുണഭോക്താക്കൾക്ക് 8,12,500/-രൂപ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40 ന് മറുപടി ലഭ്യമായില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 8,12,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-29 എ.ബി.സി. പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം-32 /19,എ.ബി.സി പ്രോഗ്രാം.
ഫണ്ടിനം -വികസന ഫണ്ട്
അടങ്കൽ -2,10,000/-രൂപ
ചെലവ് -2,10,000/- രൂപ

ബിൽ നം.- 1/18-19 തീയതി 29.6.18

നിർവഹണം-വെറ്ററിനറി സർജൻ

പദ്ധതി പ്രകാരം 2,10,000/- രൂപ പിൻവലിച്ച് കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീയിൽ നിന്നും നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും വിശദമായ ചെലവ് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ശസ്ത്രക്രിയ നടത്തിയതായോ, ശസ്ത്രക്രിയക്ക് ശേഷം നായകൾക്ക് വേണ്ടത്ര പരിചരണം നൽകിയതായോ, നായകളെ പിടിച്ച സ്ഥലത്ത് തന്നെ കൊണ്ട് വിട്ടിട്ടുള്ളതായോ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. ഗോൾഡ് മീ ഗ്രൂപ്പ് മുഖാന്തിരം പാറശ്ശാല വെറ്റിനറി ഹോസ്പിറ്റലിൽ വച്ചാണ് ശസ്ത്രക്രിയ നടത്തിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശസ്ത്രക്രിയ നടത്തിയ വെറ്റിനറി സർജന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പാറശ്ശാല വെറ്റിനറി ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 9.11.2018 ലെ ആർ.സി3/422/2017 നമ്പർ ഉത്തരവ് പ്രകാരം തെരുവ് നായകളെ പിടിക്കുന്നതിനായി, വേണ്ടത്ര പരിശീലനം ലഭിച്ചവരെയും പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് എടുത്തിട്ടുള്ളവരെയുമാണ് നിയോഗിച്ചിട്ടുള്ളതെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം നടപടി ക്രമം പാലിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ചെലവ് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 37 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ശസ്ത്രക്രിയ നടത്തിയ വെറ്റിനറി സർജന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ, വാക്സിനേഷനുള്ള മരുന്നുകൾ വാങ്ങിയ ബില്ലുകൾ, തെരുവ് നായകളെ പിടിച്ചവർ പരിശീലനം നേടിയിട്ടുള്ളവരാണെന്ന് ഉറപ്പാക്കുന്ന രേഖകൾ എന്നിവയുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നുറപ്പാക്കാനായിട്ടില്ല. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ വിവരങ്ങൾ ഓഡിറ്റിന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും പദ്ധതി മോണിറ്റർ ചെയ്തിട്ടില്ല. പദ്ധതി നിർവ്വഹിച്ചതിനാധാരമായ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 ലൈഫ് മിഷൻ പദ്ധതി-പട്ടികജാതി സർട്ടിഫിക്കറ്റില്ലാതെ തുക നൽകി

പ്രോജക്ട് നമ്പർ : 24/2019

പ്രോജക്ടിന്റെ പേര് :ലൈഫ് മിഷൻ പദ്ധതി(SC)

അടങ്കൽതുക :56,00,000/-രൂപ

ചെലവ് തുക :44,40,000/-രൂപ

ഫണ്ടിനം :വികസനഫണ്ട് (ജനറൽ) 38,20,000/-രൂപ

ബ്ളോക്ക് പഞ്ചായത്ത് വിഹിതം : 6,20,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വീടില്ലാത്ത 14 പട്ടികജാതി ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതി പ്രകാരം വാസയോഗ്യമായ വീട് ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. വിനോദിനി.ആർ. ന്റെ പട്ടികജാതി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 12ന് ലഭ്യമാക്കിയ മറുപടിയിൽ സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-31 എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- മാർഗ്ഗരേഖ നിർദേശങ്ങൾ പാലിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | 250/18-19 | 251/18-19 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിഭാഗം കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ | പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ |
| അടങ്കൽ തുക | 6,30,000/- | 1,11,500/- |
| ചെലവ് തുക | 5,66,580/- | 26,980/- |
| ഫണ്ടിനം | വികസന ഫണ്ട് എസ്.സി.പി. | വികസന ഫണ്ട് ടി.എസ്.പി. |
| ബിൽ നം. & തീയതി- | ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല | |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ | |

1. പ്രസ്തുത പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രം ആനുകൂല്യം നൽകാവുന്നതാണ്. പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ടി.സാക്ഷ്യപത്രം ഇല്ലാതെ 21 എസ്.സി. വിദ്യാർത്ഥികൾക്കും ഒരു എസ്.റ്റി. വിദ്യാർത്ഥിക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

2.ധനുവച്ചപുരം.ഐ.റ്റി.ഐ. യിൽ പഠിച്ചിരുന്ന അഞ്ജലി സുരേന്ദ്രന്റെ പഠന കാലാവധി 2015-17ൽ പൂർത്തിയായിട്ടും ആനുകൂല്യം നൽകിയിരിക്കുന്നു.

3. ലാപ്ടോപ്പ് വാങ്ങുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടി ക്രമം, വാങ്ങിയ സ്ഥാപനം, ലാപ്ടോപ്പിന്റെ ബിൽ, ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം, പ്രോജക്ട് രൂപീകരണ ഫോറം മുതലായ വിവരങ്ങൾ ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19/20 ന് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം, ടെണ്ടർ നടപടി ക്രമത്തിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതും, ഐ.റ്റി.ഐ. വിദ്യാർത്ഥിയുടെ പഠന കാലാവധി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണെന്ന് എച്ച്.എം. മറുപടി ലഭ്യമാക്കി. ഉചിതമായ ഭരണതല നടപടി സ്വീകരിച്ച് അപാകങ്ങൾ പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-32 പഞ്ചായത്ത് തല കായികമേള-അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 101/18-19 |
| അടങ്കൽ തുക | 71,850/- |
| ചെലവ് തുക | 71,850/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നം. & തീയതി | 16/18-19,18.12.2018-56,810/-<br>18/18-19,25.03.2019-3,600/-<br>23/18-19,22.12.2018 -15,040/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്ത് കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകളുടെ സഹകരണത്തോടെ കായിക വികസനം സാദ്ധ്യമാക്കുന്നതിനുള്ള പ്രോജക്റ്റുകൾ രൂപീകരിക്കേണ്ടതും ആയതിന്റെ പ്രവർത്തനങ്ങൾക്ക് പ്രാദേശിക സ്പോൺസർഷിപ്പിലൂടെ പരമാവധി വിഭവങ്ങൾ കണ്ടെത്താൻ ശ്രമിക്കേണ്ടതും ഇതിനായി പദ്ധതിവിഹിതം ചെലവഴിക്കുന്നത് സബ്സിഡി മാനദണ്ഡം പാലിച്ചുകൊണ്ടുമായിരിക്കണം. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് ടീമുകളെ വാർത്തെടുക്കുവാൻ രൂപീകരിച്ച മേൽ പദ്ധതിയുടെ ഫയലിൽ ഏതെല്ലാം ടീമുകൾ, ഓരോ ടീമിൽ നിന്നും എത്ര പേർ വീതം പങ്കെടുത്തു, ടീം പരിശീലകരെ തെരഞ്ഞെടുത്ത മാനദണ്ഡം, സ്പോൺസർഷിപ്പ്, വിഭവസമാഹരണം മുതലായവയെ കുറിച്ചുള്ള യാതൊരു വിവരവും ലഭ്യമല്ല. മേൽ രേഖകൾ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 7/19 ന് പഞ്ചായത്ത് തല കായികമേളയിൽ വോളിബോൾ, ക്രിക്കറ്റ്, ഫുട്ബോൾ, കബഡി എന്നീ ഇനങ്ങളിലായി ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുകയും ക്രിക്കറ്റിൽ 12 ടീമും ഫുട്ബോളിൽ 14 ടീമും വോളിബോളിൽ 2 ടീമും കബഡിയിൽ 4 ടീമും പങ്കെടുത്തുവെന്നും കായികമേളയ്ക്ക് പ്രാദേശിക സ്പോൺസർഷിപ്പ് ഒന്നും ലഭിച്ചിട്ടില്ലാത്തതിനാലാണ് വിവരങ്ങൾ പദ്ധതി ഫയലിൽ ഉൾപ്പെടുത്താതെന്നുമാണ് അസി.സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 4 വ്യക്തികൾക്ക് കോച്ച് ഫീ, റ്റീ ഷർട്ട് വാങ്ങിയ തുക, റിഫ്രഷ്മെന്റ് തുക എന്നീ ഇനത്തിൽ 56,810/- രൂപയും കുടിവെള്ളത്തിനായി 15,040/-രൂപയും നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച അനുബന്ധരേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-33 ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല

ഹെഡ്മാസ്റ്റർ, എൽ.പി. സ്കൂൾ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം വിദ്യാഭ്യാസ മേഖലയിൽ 10 പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിക്കുകയും 30,58,000/- രൂപ അടങ്കൽ വകയിരുത്തി, 26,65,486/- രൂപ 10 പദ്ധതികൾക്കുമായി ചെലവാക്കുകയും ചെയ്തു. പദ്ധതികൾക്ക് തുക പിൻവലിച്ച ഏറ്റവും പ്രധാനപ്പെട്ട രേഖയായ ട്രഷറി ബിൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ബിൽ ബുക്ക് ഹാജരാക്കുവാൻ 10.02.2020 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് -25 ന് ബിൽ ബുക്ക് ഓഫീസിൽ നിന്ന് കാണാതായി എന്നും ഡ്യൂപ്ളിക്കേറ്റ് ബിൽ ബുക്ക് ഹാജരാക്കുന്നതാണെന്നും എച്ച്.എം. മറുപടി നൽകിയിട്ടുണ്ട്. ബിൽ ബുക്ക് നഷ്ടപ്പെടുത്തിയത് നിർവ്വഹണോദ്യാഗസ്ഥന്റെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബിൽ ബുക്കിന്റെ അഭാവത്തിൽ പദ്ധതികളുടെ ചെലവ് വിവരം സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുത്തുന്നതിനോ നിജസ്ഥിതി ഉറപ്പാക്കുന്നതിനോ സാധിച്ചിട്ടില്ല. ഡ്യൂപ്ളിക്കേറ്റ് ബിൽ ബുക്ക് അടിയന്തിരമായി ഹാജരാക്കേണ്ടതാണ്. ബിൽബുക്ക് നഷ്ടപ്പെട്ട വിവരം യഥാസമയം ഭരണസമിതിയുടേയും, സെക്രട്ടറിയുടേയും ശ്രദ്ധയിൽ കൊണ്ടുവരാത്ത നടപടി ഗുരുതരമായ വീഴ്ചയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 എസ്.സി. കുട്ടികൾക്ക് പഠനോപകരണം-കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ആനുകൂല്യം നൽകി

1. ഹെഡ്മാസ്റ്റർ, ഗവ.എൽ.പി. സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം പദ്ധതി (പ്രോജ.നം.76/18-19, അടങ്കൽ – 2,10,000/- ചെലവ് – 1,35,844/-) വിതരണ രജിസ്റ്റർ പ്രകാരം വിവിധ സ്കൂളുകളിലെ 38 വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകിയിട്ടുണ്ട്. എസ്.സി. സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

| ക്രമ നം. | പേര് | സ്കൂൾ | മേൽവിലാസം |
|---|---|---|---|
| 1 | ശ്രേയ. എസ്. രാജീവ് | ഗവ.യു.പി.എസ്. നേമം | കല്ലുവിള വീട്, |

| | | | |
|---|---|---|---|
| | | | വെള്ളായണി |
| 2 | ഗോപിക. എസ്.എസ്. | ഗവ.യു.പി.എസ്. നേമം | കൊന്നക്കാട്ടുവിള വീട്, പെരിങ്ങമ്മല |
| 3 | അഞ്ജന സി.എം. | ഗവ.യു.പി.എസ്. നേമം | മാംവിള താഴെ പുത്തൻവീട്, പാലൂർക്കോണം |
| 4 | നിഖിത ചന്ദ്രൻ | ഗവ.യു.പി.എസ്. നേമം | പെരുകാച്ചിവിള വീട്, പ്രാവച്ചമ്പലം |
| 5 | സന്ദീപ് എസ്.എസ്. | ന്യൂ യു.പി.എസ്, ശാന്തിവിള | തുണ്ടുവിള വീട്, വണ്ടിത്തടം |
| 6 | നിലമ | ന്യൂ യു.പി.എസ്, ശാന്തിവിള | തുണ്ടുവിള വീട്, വണ്ടിത്തടം |

2. മേശയും കസേരയും വാങ്ങുന്നതിന് സ്വീകരിച്ച ടെണ്ടർ നടപടിക്രമം, ഉപകരണങ്ങൾ വാങ്ങലിന്റെ വിവരം, സ്ഥാപനത്തിൽ നിന്നുമുള്ള ബിൽ, ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം, പ്രോജക്ട് രൂപീകരണ ഫോറം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് 10.02.2020 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.20/19 ന് വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റും അനുബന്ധരേഖകളും എത്രയും വേഗം ഹാജരാക്കുന്നതാണെന്നാണ് എച്ച്.എം. മറുപടി നൽകിയിട്ടുള്ളത്. മതിയായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

# 1-35 ഹരിത കർമ്മസേന പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 202/18-19 |
| അടങ്കൽ തുക | 8,00,000/- |
| ചെലവ് തുക | 1,37,610/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നം. & തീയതി | 22/18-19,17.01.2019-12 ,390/-<br>3/18-19,29.06.2018- 3,400/-<br>28/18-19,16.02.2019-17,920/-<br>32/18-19,21.02.2019-21,000/-<br>33/18-19,23.02.2019-10,500/-<br>34/18-19,02.03.2019-9,500/-<br>35/18-19,08.03.2019-7,600/-<br>40/18-19,23.03.2019-35,000/-<br>39/18-19,16.03.2019-16,800/-<br>44/18-19,28.03.2019-3,500/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഹരിത കേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്ക്കരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിനായി ഓരോ വാർഡിലുമുള്ള കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി ഹരിതകർമ്മ സേന രൂപീകരിച്ചു. പഞ്ചായത്ത് പരിധിയിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് റോഡ് പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനാണ് ഇത് സംബന്ധിച്ച് സർക്കാർ നിർദേശിച്ചിട്ടുള്ളത്. എന്നാൽ ഹരിത

കർമ്മസേന ശേഖരിച്ചിട്ടുള്ള എകദേശം മൂന്ന് മുതൽ നാല് വരെ ടൺ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ സെന്ററിൽ കെട്ടികിടക്കുന്നതായി 10.02.2020 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 9/19 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ നടപടി മാലിന്യ പ്രശ്നം കൂടുതൽ രൂക്ഷമാകുന്നതിന് ഇടയാക്കുന്നതാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള തുടർ നടപടികൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-36 ബി.പി.എൽ. ഇൻസെന്റീവ്- ചെലവഴിക്കാത്ത തുക തിരികെ ഒടുക്കേണ്ടതാണ്

റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും ബി.പി.എൽ. ഇൻസെന്റീവ് ഇനത്തിൽ ചെലവഴിക്കാത്ത 1,35,150/- രൂപ ചെക്ക് നം.6920275 പ്രകാരം കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന് (KSITM) 27.03.2018 ന് തിരികെ നൽകിയെങ്കിലും ആയത് പ്രസ്തുത സ്ഥാപനം നാളിതുവരെ പണമാക്കിയിട്ടില്ല. ചെക്കിനോടൊപ്പം സെക്രട്ടറിയുടെ നടപടിക്രമം കൂടി ഉൾപ്പെടുത്താത്തതിനാലാണ് ചെക്ക് മാറാൻ കഴിയാത്തതെന്ന് കാണിച്ച് കളക്ടറേറ്റിൽ നിന്നും സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് (30.012020 A6/1655/ 18(1)). എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.26) സെക്രട്ടറിയുടെ നടപടിക്രമം കൂടി ഉൾപ്പെടുത്താത്തതിനാൽ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ ചെക്ക് മടക്കിനൽകിയെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിന്മേൽ തുടർനടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വിവിധ വാർഡുകളിലെ ഓട നവീകരണം- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നം. - 175/19- (വിവിധ വാർഡുകളിലെ ഓട നവീകരണം)

അടങ്കൽ - 6,62,706/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 6,62,706/- (ബിൽ നം. 102/19.3.19- 5,68,722/- , ബാക്കി 93,984/- രൂപ ക്യൂബില്ലായതിനാൽ അടുത്ത സാമ്പത്തികവർഷമാണ് മാറിയിട്ടുള്ളത്)

കരാറുകാരൻ - ശ്രീ.ബാബു.കെ. (റേറ്റ് കോൺട്രാക്ട്- എഗ്രീഡ് പി.എ.സി.- 662705.39 രൂപ)

എം-ബുക്ക് നം. - 420/18-19, 650/18-19

നിർവ്വഹണോദ്യോഗസ്ഥൻ - അസി. എൻജിനീയർ

ആദ്യം 8,00,000/- രൂപ അടങ്കൽ നിശ്ചയിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 14.02.19 -ലെ 5(1)-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ഓടയുടെ നീളം കുറച്ചും, ബേം കോൺക്രീറ്റ് ചെയ്യുന്നതിനായും 6,62,706/- രൂപ അടങ്കലായി നിജപ്പെടുത്തി പുതുക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിമൂല്യം തെറ്റായി കണക്കാക്കിയതിനാൽ 4,352/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

<u>കരാറുകാരന് നൽകിയ തുക</u>

<u>പാർട്ട് ബിൽ</u>

ആകെ പ്രവൃത്തി മൂല്യം - 5,83,305/-

(-) റിടെൻഷൻ(2.5%) - 14,583/-

-----------------------------------

5,68,722/-

(-) IT (1%) - 5,687/-

(-) WF (1%) - 5,687/-

(-) GST (2%) - 11,374/-

---------------------------------------------

കരാറുകാരന് നൽകിയ തുക - 5,45,974/-

<u>ഫൈനൽ ബിൽ</u>

ആകെ പ്രവൃത്തി മൂല്യം (തെറ്റായി കണക്കാക്കിയത്) - 93,984/- (75,129/- ആണ് എം.-ബുക്ക് പ്രകാരം കണക്കാക്കുമ്പോൾ വരുന്ന ആകെ പ്രവൃത്തി മൂല്യം. തുടർന്ന് നികുതി കണക്കാക്കിയിരിക്കുന്നത് കൃത്യമായാണ് (75129 + 14583(retension) വരുന്ന തുകയെ അടിസ്ഥാനമാക്കി)

---------------------------------------------------

(-) IT - 897/-

(-) WF - 897/-

(-) GST - 1,794/-

---------------------------------------------------------------------------------------

കരാറുകാരന് നൽകിയ തുക- 90,476/-

മേൽ രണ്ട് ബിൽ പ്രകാരം കരാറുകാരന് നൽകിയ ആകെ തുക - 6,36,450/-

<u>കരാറുകാരന് നൽകേണ്ടിയിരുന്ന തുക</u>

ആകെ പ്രവൃത്തി മൂല്യം - 6,58,434/- (583305/- + 75129/-)

(-) IT (1%) - 6584/-

(-) WF (1%) - 6584/-

(-) GST (2%) - 13168/-

-----------------------------------------

നൽകേണ്ടിയിരുന്ന തുക - 632098/-

അധികം നൽകിയ തുക - 4352/- (636450-632098)

അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.11-ന്) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.19 മുതൽ 20.07.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി4/450/2019 തീയതി 19.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 ലെ മുന്നിരിപ്പ് 2317180/- രൂപ | | | | |
| | 2018-19 | 38,16,550/- (RP 31 പ്രകാരം)<br>(ഓരോ പ്രോജക്റ്റിനുമായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ കൃത്യമായ കണക്ക് സ്ഥാപനം സൂക്ഷിച്ചിട്ടില്ല) | കിണർ റീചാർജ്ജിംഗ് ഹരിത കേരളം (പ്രോജ.നം. 203/19) | 2,12,440/- | 28,29,960/-<br>(B4പ്രകാരം) |
| | | | കിണർ റീചാർജ്ജിംഗ് ഹരിത കേരളം എസ്.സി. | 3,320/- | |
| | | | കിണർ റീചാർജ്ജിംഗ് ഹരിത കേരളം(പ്രോജ നം. 100/19) | 4,348/- (*1) | |
| | | | ജൈവസമൃദ്ധി തരിശുഭൂമി കൃഷി | 41,400/- | |
| | | | കേദാരം സമഗ്ര നെൽകൃഷി വികസനം | 1,40,350/- | |

| | | | | | |
|---|---|---|---|---|---|
| | | | ലൈഫ് മിഷൻ പദ്ധതി ജനറൽ | 9,26,000/- | |
| | | | സ്നേഹസ്പർശം മാനസ്സിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 4,95,921/- | |
| | | | പകൽവീട് | 2,60,991/- | |
| | | | ലൈഫ് മിഷൻ പദ്ധതി എസ്.സി | 6,20,000/- | |
| | | | ലൈഫ് എസ്.റ്റി. വിഹിതം | 0 | |
| | | | 42-ാം അംഗൻവാടിക്ക കെട്ടിട നിർമ്മാണം | 5,00,000/- | |
| | | | ക്ഷീര സമൃദ്ധി (പാലിനു സബ്സിഡി) ജനറൽ | 0 | |
| | | | ക്ഷീര സമൃദ്ധി (പാലിനു സബ്സിഡി) വനിത | 0 | |
| ജില്ലാപഞ്ചായത്ത് വിഹിതം 2018-19ലെ മുന്നിരിപ്പ് 4,70,500/- രൂപ തൻവർഷം ചെലവഴിച്ചിട്ടില്ല | | | | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 49,500/- | ജൈവസമൃദ്ധി തരിശുഭൂമി കൃഷി | 49,500/- | 0 |
| | | 2,16,750/- | കേദാരം സമഗ്ര നെൽകൃഷി വികസനം | 1,70,000/- | 46,750/- |
| | | 1,05,000/- | ഹരിത ഭവനം | 1,05,000/- | 0 |
| | | 7,94,499/- | ലൈഫ് മിഷൻ പദ്ധതി ജനറൽ | 7,44,570/- | 49,929/- |
| | | 5,84,250/- | സ്നേഹസ്പർശം മാനസ്സിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 5,84,250/- |
| | | 6,33,308/- | ലൈഫ് മിഷൻ | 0 | 6,33,308/- |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി എസ്.സി. | | |
| | | 14,661/- | ലൈഫ് എസ്.റ്റി. വിഹിതം | 0 | 14,661/- |
| | | 25,000/- | ക്ഷീര സമൃദ്ധി (പാലിനു സബ്സിഡി) ജനറൽ | 25,000/- | 0 |
| | | 40,000/- | ക്ഷീര സമൃദ്ധി (പാലിനു സബ്സിഡി) വനിത | 40,000/- | 0 |

(*1)- നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് 32,748/- രൂപയാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

2018-19ൽ നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ നീട്ടൽ | 15,75,579/- | - | 15,75,579/- |
| 2 | കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2,38,379/- | - | 2,38,379/- |
| 3 | കെ.ഡബ്ല്യു.എ. | പൈപ്പ് ലൈൻ നീട്ടൽ | 1,76,000/- | - | 1,76,000/- |

മുൻവർഷത്തെ എ.എഫ്.എസ്. പ്രകാരം കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ. എന്നീ ഏജൻസികളിൽ നിന്നും യഥാക്രമം 9,29,381/-, 22,26,545/- എന്നീ തുകയുള്ള നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുണ്ടായിരുന്നു. ആയത് തൻവർഷവും ലഭിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി. | ലഭ്യമായില്ല | 90,89,741/- | 0 | 0 | 0 | 90,89,741/- |
| പ്രത്യേക ഭവനപദ്ധതി | 4495/ ഡിബി1/14 തസ്വഭവ തീയതി 20.02.2015 | 1,68,00,000/- | 1,17,60,000/- | 16,80,000/- | | 1,00,80,000/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,25,34,789/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,28,26,364/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,352/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 30,37,557/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4,352/- | ശ്രീ. ജ്യോതിസ്, അസി. എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 19,89,958/- | ശ്രീമതി റ്റി.എസ്.ബീന, സെക്രട്ടറി |
| 1-23 | 1,84,099/- | ശ്രീ.ജ്യോതിസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 51,000/- | ഡോ. ശാന്തി, വെറ്റിനറി സർജൻ |
| 1-28 | 8,12,500/- | ഡോ. ശാന്തി, വെറ്റിനറി സർജൻ |
| ആകെ | 30,37,557/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റ്റി.എസ്.ബീന, സെക്രട്ടറി | വിരമിച്ചു | വല്ലകി, ഗവ. ആയുർവേദ ആശുപത്രിക്ക് സമീപം, മൂന്നുകല്ലിൻമൂട്, നെയ്യാറ്റിൻകര.പി.ഒ |
| ശ്രീ.ജ്യോതിസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് പാറശ്ശാല | റ്റി.സി.8/583, ഓടാംകുഴി റോഡ്, തിരുമല.പി.ഒ |
| | | |

| | | |
|---|---|---|
| ഡോ. ശാന്തി,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വിതുര വെറ്റിനറി ഡിസ്പെൻസറി | TC22/684-3, കല്ലുവിളാകത്ത് വീട്, മണക്കാട്. പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 13 | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 8 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 4 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 6 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 6 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 1 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 8 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1133/2018<br>തീയതി.25.05.2018 | 5 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1081/2016<br>തീയതി.29.06.2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/2013/2016<br>തീയതി.09.02.2016 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1782/2017<br>തീയതി.23.08.2017 | 25 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/224/2019<br>[illegible] | 22 | |

തീയതി.25.04.2019

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

R.24.7.19